**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ-ലൈഫ് മിഷൻ - ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും പട്ടികജാതി/പട്ടിക വർഗ്ഗ/ ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും വേണ്ടി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ലൈഫ് മിഷൻ IIITM-K-യെ ചുമതലപ്പെടുത്തിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Rt)No.2211/2020/LSGD തീയതി,തിരുവനന്തപുരം, 24/11/2020

---

പരാമർശം:- 1 28/05/2020-ലെ സ.ഉ. (കൈ)നം.87/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് .

2 17/08/2020-ലെ LIFE 2020/MIS നമ്പർ കത്ത്.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11/09/2020, 04/11/2020, 19/11/2020 തീയതികളിലെ LIFE/2020/MIS നമ്പർ കത്ത്.

**ഉത്തരവ്**

ലൈഫ് മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായുള്ള സോഫ്റ്റ് വെയർ ഇൻഫർമേഷൻ കേരള മിഷൻ (IKM) ആയിരുന്നു തയ്യാറാക്കിയിരുന്നത്. എന്നാൽ IKM- ന് പല പ്രോജക്റ്റുകളുടെയും തിരക്കുള്ളതിനാൽ ലൈഫ് മിഷൻ സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നില്ല എന്ന് അറിയിച്ചതിനാൽ SLEC തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു സോഫ്റ്റ് വെയർ നിർമ്മാണത്തിന് IITM-K -യെ ചുമതലപ്പെടുത്തിയിരുന്നതെന്നും ലൈഫ് മിഷൻ ഭവനപദ്ധതിക്ക് വേണ്ടി 2017-ൽ കുടുംബശ്രീ മുഖേന തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും പട്ടികജാതി/പട്ടിക വർഗ്ഗ/ ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനും പരാമർശം (2) പ്രകാരം IIITM-K-യെ ചുമതലപ്പെടുത്തിയിരുന്നുവെന്നും ലൈഫ് മിഷൻ ഭവനപദ്ധതിയിലെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവന രഹിതരുടെ അന്തിമ പട്ടിക തയ്യാറാക്കിയത് പരാമർശം (1) പ്രകാരം IIITM-K-ആയിരുന്നുവെന്നും ഇപ്രകാരം മുൻപരിചയം ഉള്ള സർക്കാർ സ്ഥാപനം ആയതിനാലാണ് ടി പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനും ലൈഫ് മിഷൻ IIITM-K-യെ

ചുമതലപ്പെടുത്തിയത് എന്നും 16.11.2020-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷൻ അവലോകന യോഗത്തിൽ നിലവിലുള്ള ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും വേണ്ടി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ലൈഫ് മിഷൻ IIITM-K-യെ ചുമതലപ്പെടുത്തിയ നടപടി സാധൂകരിക്കുന്നതിന് തിരുമാനിച്ചിട്ടുണ്ട് എന്നും ആയതിനാൽ ടി നടപടിക്ക് സാധൂകരണം നൽകി ഉത്തരവുണ്ടാകണമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3)-ലെ 19/11/2020 തീയതിയായ കത്ത് പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. നിലവിലുള്ള ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും വേണ്ടി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ലൈഫ് മിഷൻ IIITM-K-യെ ചുമതലപ്പെടുത്തിയ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

ഡയറക്ടർ, IIITM-K.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2020.11.24 11:41:44 IST
Reason: Approved
സെക്ഷൻ ഓഫീസർ